LIBRARY ARCHIVES Kerala Legislative Assembly

പള്ളിവാസൽ കെ.എസ്.ഇ.ബി. പ്രോജക്ടിന്റെ വികസന പ്രവർത്തനങ്ങൾക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തടസ്സങ്ങൾ

120(2373) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എം. മുരളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളിവാസൽ കെ.എസ്.ഇ.ബി. പ്രോജക്ടിന്റെ വികസന പ്രവർത്തനങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണ് എന്നറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ വികസന പ്രവർത്തനങ്ങൾക്കായി കെ.ഡി.എച്ച്. വില്ലേജിൽ നിന്നും എന്തു സ്ഥലം ഏറ്റെടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് ഇപ്പോൾ എന്തൊക്കെ തടസ്സങ്ങളാണ് നിലനിൽക്കുന്നത് ;

(ഡി) ഇത്തരം തടസ്സങ്ങൾ ഒഴിവാക്കി ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് ഇനിയും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുള്ളത് എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) പള്ളിവാസൽ വിപുലീകരണ പദ്ധതിയുടെ പണി ഇപ്പോൾ പുരോഗമിക്കുന്നു. 39% ജോലികൾ പൂർത്തീകരിച്ചു. ഈ പദ്ധതി 2012 ജൂൺ മാസത്തിൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിക്കാവശ്യമായ മുഴുവൻ സ്ഥലവും ഏറ്റെടുത്തു കഴിഞ്ഞു. പദ്ധതിക്കായി കെ.ഡി.എച്ച്. വില്ലേജിൽ നിന്നും ഇനി സ്ഥലം ഏറ്റടുക്കുവാനില്ല.

(സി&ഡി) ബാധകമല്ല.

വൈദ്യുതി ചാർജ്

121(2374) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ വൈദ്യുതിക്ക് യൂണിറ്റൊന്നിന് എത്ര ചാർജ് ഈടാക്കിയിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോഴത്തെ നിരക്കെത്ര ;